K22P 3246

Reg. No.: ..............................

Name : ..................................

**IV Semester M.A. Degree (C.B.S.S. – Reg./Supple./Imp.)**
**Examination, April 2022**
**(2018 Admission Onwards)**
**MALAYALAM LANGUAGE AND LITERATURE**
**MAL 4C 13 : Kerala Culture**

Time : 3 Hours                                                    Max. Marks : 80

I. ഓരോ ചോദ്യത്തിനും **രണ്ടുപുറത്തിൽ** കവിയാതെ ഉത്തരമെഴുതുക.

1) സമ്പൽസമൃദ്ധമായ തുറമുഖ നഗരമാണ് വിദേശികളുടെ വിവരണങ്ങളിൽ കോഴിക്കോട്. വിശദമാക്കുക.

2) ഐക്യകേരളത്തിന്റെ ആവിർഭാവത്തിനു കാരണമായ സാഹചര്യങ്ങൾ വിശദീകരിക്കുക.

3) കൂത്തമ്പലങ്ങളിൽനിന്നും ആഗോളപ്രശസ്തിയിലേക്കുയർന്ന കലയാണ് കൂടിയാട്ടം. വിശദമാക്കുക.

4) കുലശേഖര രാജാക്കന്മാരുടെ മതസഹിഷ്ണുതയുടെ നിദർശനമായിരുന്നു തരിസാപ്പള്ളി ശാസനം. വിശദീകരിക്കുക.

5) കേരളത്തിലെ ആദിവാസികളുടെ ആചാരരീതികൾ വിശദീകരിക്കുക. (5×4=20)

II. ഓരോ ചോദ്യത്തിനും **നാലുപുറത്തിൽ** കവിയാതെ ഉത്തരമെഴുതുക.

6) a) മികച്ച പണ്ഡിതരും വിദ്വൽജ്ജനപുരസ്കർത്താക്കളുമായിരുന്നു കോലത്തിരിമാർ. വിശദമാക്കുക.

**അല്ലെങ്കിൽ**

b) ആയുർവേദം, വാസ്തുവിദ്യ എന്നീ രംഗങ്ങളിൽ കേരളത്തിന്റെ സംഭാവനകൾ വിലയിരുത്തുക.

7) a) സാമൂഹിക പരിവർത്തനമല്ലാതെ പൂർണ്ണമായ സാമൂഹികവിപ്ലവം സൃഷ്ടിക്കാൻ കേരളത്തിലെ ഭൂപരിഷ്കരണത്തിനു കഴിഞ്ഞിട്ടില്ല. ഈ അഭിപ്രായം പരിശോധിക്കുക.

**അല്ലെങ്കിൽ**

b) സംഘകാലജീവിതവും സംസ്കാരവും വിശദീകരിക്കുക.

P.T.O.



8) a) ഭാരതീയദാർശനിക പാരമ്പര്യത്തിന്റെ സമുജ്ജ്വലമാതൃകയാണു ശ്രീശങ്കരൻ. വ്യക്തമാക്കുക.

**അല്ലെങ്കിൽ**

b) മൈസൂർ ആക്രമണത്തിന്റെ അനന്തരഫലങ്ങൾ കേരളീയജീവിതത്തെ ബാധിച്ചതെങ്ങനെ ?

9) a) തിരുവിതാംകൂറിൽ ഉത്തരവാദഭരണസ്ഥാപനത്തിലേക്കു നയിച്ച പ്രക്ഷോഭങ്ങൾ സംഗ്രഹിക്കുക.

**അല്ലെങ്കിൽ**

b) കേരളത്തിലെ ജനജീവിതവും സംസ്കാരത്തിലും ബുദ്ധമതത്തിനുണ്ടായിരുന്ന സ്വാധീനം വിലയിരുത്തുക.

10) a) ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ ദക്ഷിണേന്ത്യയിലുണ്ടായ സുദീർഘമായ സമരങ്ങളിലൊന്നായിരുന്നു പഴശ്ശിവിപ്ലവം. അപഗ്രഥിക്കുക.

**അല്ലെങ്കിൽ**

b) കേരളത്തിൽ മരുമക്കത്തായ വ്യവസ്ഥിതിയുടെ ആവിർഭാവത്തിനു കാരണമായ സാഹചര്യങ്ങൾ വിശദീകരിക്കുക. (5×6=30)

III. ആറുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

11) a) വിവരസാങ്കേതികവിദ്യയും ഇലക്ട്രോണിക് മാധ്യമങ്ങളും കേരളത്തിലെ സാമൂഹിക ജീവിതത്തിൽ വരുത്തിയ മാറ്റങ്ങൾ സംഗ്രഹിക്കുക.

**അല്ലെങ്കിൽ**

b) ജാതീയമായ ഉച്ചനീചത്വങ്ങളെ എതിരിട്ട് കേരളസമൂഹത്തെ നവോത്ഥാനത്തിലേക്കു നയിച്ച സാമൂഹിക പരിഷ്കർത്താക്കളെക്കുറിച്ചു വിവരിക്കുക.

12) a) കേരളചരിത്രരചനയ്ക്കു സഹായകമായ ഉപാദാനസാമഗ്രികളേതെല്ലാം ? വിശദമാക്കുക.

**അല്ലെങ്കിൽ**

b) ആധിപത്യത്തിന്റെ ക്രൗര്യവും അടിമത്തത്തിന്റെ നിസ്സഹായതയും സമന്വയിച്ചതായിരുന്നു കേരളത്തിൽ നിലവിലിരുന്ന ജാതിവ്യവസ്ഥ. ഈ അഭിപ്രായം പരിശോധിക്കുക.

13) a) ആര്യാധിനിവേശം കേരളീയ ജീവിതത്തിൽ ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കി. വിശദമാക്കുക.

**അല്ലെങ്കിൽ**

b) ദൃശ്യകലാരംഗത്ത് കേരളത്തിനുണ്ടായിരുന്ന തനതു പാരമ്പര്യം ക്ഷേത്രകലകളെ ആധാരമാക്കി പരിശോധിക്കുക. (3×10=30)

_______________